പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

03.02.2020-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 318

## വിശപ്പ് രഹിത കേരളം പദ്ധതി

| ചോദ്യം<br>**ശ്രീ.സി. ദിവാകരൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളി ലാണ് വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലാണ് വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) പദ്ധതിക്കായി എത്ര തുക അനുവദിച്ചു വെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) പദ്ധതിയ്ക്കായി ആലപ്പുഴ ജില്ലയ്ക്ക് 90 ലക്ഷം രൂപയും പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾക്ക് ഒരു കോടി രൂപയും കോട്ടയം, കൊല്ലം ജില്ലകൾക്ക് 45 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. |
| (സി) വിശപ്പ് രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നല്കുക വഴി സമൂഹത്തിൽ നിന്നു വിശപ്പ് ഇല്ലാതാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ള സർക്കാർ/ സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇത്തരം സർക്കാർ/ സർക്കാരിതര സംഘടനകൾ പദ്ധതി നടത്തിപ്പിന് സഹകരിക്കുന്നതിനായി മുന്നോട്ടുവന്ന ജില്ലകൾക്കും കൂടുതൽ ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് ജില്ലാ ഭരണകൂടം റിപ്പോർട്ട് ചെയ്ത ജില്ലകൾക്കുമാണ് ആദ്യഘട്ടത്തിൽ മുൻഗണന നല്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ